"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ്- കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്- ജീവനകാര്യം ഡോ.വിമൽകുമാർ സി.എസ്, സീനിയർ ക്ലാർക്ക്, പോലീസ് ഹെഡ് ക്വാർട്ടേഴ്സ് - കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ പ്രിൻസിപ്പൽ സയന്റിഫിക് തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.112/2025/ENVT തീയതി,തിരുവനന്തപുരം, 25-10-2025

---

പരാമർശം:-

1. 06.09.2021 ലെ സ.ഉ(സാധാ) നം. 62/2021/പരി. നം ഉത്തരവ്.
2. 10.09.20224 ലെ സ.ഉ(സാധാ) നം. 74/2024/പരി നം. ഉത്തരവ്.
3. സംസ്ഥാന പോലീസ് മേധാവിയുടെ 31.07.2025 തീയതിയിലെ എം4-134092/2023/പി.എച്ച്.ക്യൂ നമ്പർ കത്ത്.
4. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 18.08.2025 തീയതിയിലെ എ2/102/2023/കെ.എസ്.ബി.ബി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിൽ ഒഴിവുള്ള പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ തസ്തികയിലേയ്ക്ക് പോലീസ് ഹെഡ് ക്വാർട്ടേഴ്സിലെ സീനിയർ ക്ലാർക്ക് ആയി സേവനം അനുഷ്ഠിച്ചുവരുന്ന ഡോ.വിമൽകുമാർ സി.എസ്-നെ പരാമർശം (1) പ്രകാരം അന്യത്ര സേവനവ്യവസ്ഥയിൽ നിയമിക്കുകയും, തുടർന്ന് ടിയാന്റെ സേവനകാലാവധി പരാമർശം (2) ഉത്തരവ് പ്രകാരം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ഇത്തരത്തിൽ ദീർഘിപ്പിച്ചു നൽകിയ അന്യത്ര സേവന കാലാവധി 12.10.2025-ൽ അവസാനിക്കുന്നതിനാൽ, 13.10.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ടിയാന്റെ അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (4) പ്രകാരം കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. ഡോ.വിമൽകുമാർ സി.എസ് -ന്റെ അന്യത്ര സേവനം 13-10-2025 മുതൽ ദീർഘിപ്പിച്ചു നൽകുന്നതിന് ആക്ഷേപമില്ലായെന്ന് കേരള സംസ്ഥാന പോലീസ് മേധാവി പരാമർശം (3) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ തസ്തികയിലെ ഡോ.വിമൽകുമാർ സി.എസ്. (സീനിയർ ക്ലാർക്ക്, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്) -ന്റെ അന്യത്രസേവന കാലാവധി, അന്യത്ര സേവന വ്യവസ്ഥകൾ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി, 13.10.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി

ഉത്തരവാകുന്നു.

3. അന്യത്ര സേവന കാലാവധിക്കുള്ളിൽ ഡോ. വിമൽകുമാർ സി.എസ്-ന് പ്രൊമോഷൻ ലഭിക്കുകയാണെങ്കിലോ, കാലാവധിയ്ക്കുശേഷം അന്യത്ര സേവനം ദീർഘിപ്പിച്ച് സർക്കാരിൽ നിന്നും അനുമതി ലഭ്യമായില്ലെങ്കിലോ ടിയാളുടെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതും, അല്ലാത്തപക്ഷം കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1-ലെ ചട്ടം 140 (സി) പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും, ടി കാലയളവ് പെൻഷൻ, വാർഷിക വേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കാതിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UNNIKUTTAN S S
അണ്ടർ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്.
2.സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
3.ഡോ.വിമൽകുമാർ സി.എസ്, സീനിയർ ക്ലാർക്ക്, പോലീസ് ഹെഡ് ക്വാർട്ടേഴ്സ് (സംസ്ഥാന പോലീസ് മേധാവി മുഖേന).
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ), കേരള.
5.ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
6.കരുതൽ ഫയൽ / ഓഫീസിൽ കോപ്പി (ENVT-A1/176/2025-ENVT)

ഉത്തരവിൻ പ്രകാരം

Signed by
Renji
സെക്ഷൻ ഓഫീസർ
Date: 25-10-2025 15:03:21